F3/6575/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 14.02.2022

## പരിപത്രം

വിഷയം:- കോ.വി.വ. : സർക്കാർ / എയ്ഡഡ് കോളേജുകളിൽ നിന്നും 2022 മാർച്ച് മാസം മുതൽ 2022 ജൂൺ മാസം വരെ വിരമിക്കുന്ന അധ്യാപകരുടെ എഫ്ഐപി ഡെപ്യൂട്ടേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്-

സൂചന :- ____________

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ എഫ്ഐ.പി. ബാധ്യത പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ/രേഖകൾ, നിശ്ചിത പ്രൊഫോർമ എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാൽ സമയബന്ധിതമായി ബാധ്യതാ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 2022 മാർച്ച് മാസം മുതൽ 2022 ജൂൺ മാസം വരെ വിവിധ സർക്കാർ / എയ്ഡഡ് കോളേജുകളിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ എഫ്ഐപി ബാധ്യത പരിശോധനയ്ക്കാവശ്യമായ താഴെപ്പറയുന്ന രേഖകൾ മുൻകൂട്ടി ഈ കാര്യാലയത്തിലേക്ക് നേരിട്ട് ലഭ്യമാക്കേണ്ടതാണ്.

**I. <u>എഫ്ഐപി ഡെപ്യൂട്ടേഷനിൽ എം.ഫിലിന് പോയിട്ടുള്ളവർ.</u>**

a. എം.ഫിൽ ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

b. എം.ഫിൽ ഡിസർട്ടേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

c. എം.ഫിലിന് ഡെപ്യൂട്ടേഷൻ അനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ്.

d. പൂരിപ്പിച്ച എഫ്ഐപി ഡെപ്യൂട്ടേഷൻ വിവരങ്ങൾ സംബന്ധിച്ച പ്രൊഫോർമ.

**II. <u>എഫ്ഐപി ഡെപ്യൂട്ടേഷനിൽ പി.എച്ച്ഡിയ്ക്ക് പോയിട്ടുള്ളവർ.</u>**

a. പി.എച്ച്ഡി ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

b. പി.എച്ച്ഡി തീസിസ് സമർപ്പണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയിൽ നിന്നുള്ളത്).

c. പി.എച്ച്ഡിയ്ക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ച്കൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ്.

d. പൂരിപ്പിച്ച എഫ്ഐപി ഡെപ്യൂട്ടേഷൻ വിവരങ്ങൾ സംബന്ധിച്ച പ്രൊഫോർമ.

**III. <u>എഫ്ഐപി ഡെപ്യൂട്ടേഷനിൽ എം.ഫിലിനും, പി.എച്ച്ഡിയ്ക്കും പോയിട്ടുള്ളവർ.</u>**

I,II എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ രേഖകളും.

IV. <u>എഫ്ഐപി ഡെപ്യൂട്ടേഷനിൽ എം.ഫിൽ/പി.എച്ച്ഡി എന്നിവയ്ക്ക് പോയിട്ടില്ലാത്തവർ.</u>

പൂരിപ്പിച്ച എഫ്ഐപി ഡെപ്യൂട്ടേഷൻ വിവരങ്ങൾ സംബന്ധിച്ച പ്രൊഫോർമ (എഫ്ഐപി ഡെപ്യൂട്ടേഷനിൽ പോയിട്ടില്ലായെന്നുള്ള വിവരം പ്രൊഫോർമയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്).

2022ൽ വിരമിക്കുന്ന അദ്ധ്യാപകർ, എഫ്ഐപി ബാധ്യത പരിശോധനയ്ക്കാവശ്യമായ മേൽപ്പറഞ്ഞ രേഖകൾ അതാത് കോളേജ് പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി കോളേജ് മുഖാന്തരം അടിയന്തിരമായി ഈ കാര്യാലയത്തിലേക്ക് നേരിട്ട് ലഭ്യമാക്കേണ്ടതാണ്.

2022ൽ വിരമിക്കുന്ന പ്രിൻസിപ്പൽമാർ മേൽപ്പറഞ്ഞ രേഖകൾ ബന്ധപ്പെട്ട മേഖല ഡെപ്യൂട്ടി ഡയറക്ടർമാരുടെ സാക്ഷപ്പെടുത്തലോടുകൂടി ഈ കാര്യാലയത്തിലേക്ക് നേരിട്ട് ലഭ്യമാക്കേണ്ടതാണ്. എയ്ഡഡ് കോളേജ് മാനേജർ/ സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലോടുകൂടിയുള്ള രേഖകൾ യാതൊരു കാരണവശാലും പരിഗണിയ്ക്കുന്നതല്ല.

ഭാഗികമായി പൂരിപ്പിച്ച എഫ്ഐപി ഡെപ്യൂട്ടേഷൻ വിവരങ്ങൾ സംബന്ധിച്ച പ്രൊഫോർമ, എഫ്ഐപി ബാധ്യതാപരിശോധനയ്ക്കാവശ്യമായ മുഴുവൻ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കാതിരിക്കൽ എന്നിവ കർശനമായും ഒഴിവാക്കേണ്ടതാണ്.

എഫ്ഐപി ഡെപ്യൂട്ടേഷൻ പരിശോധനയ്ക്കാവശ്യമായ മേൽപ്പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന അദ്ധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ കാര്യാലയത്തിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ലായെന്നുള്ള വിവരം അറിയിക്കുന്നു.

ഉള്ളടക്കം - എഫ്ഐപി ഡെപ്യൂട്ടേഷൻ വിവരങ്ങൾ സംബന്ധിച്ച പ്രൊഫോർമ.

Approval Valid

Digitally Approved By
ഡോ.ബി.ഉണ്ണികൃഷ്ണൻ നായർ
Date: 14.02.2022
Reason: Approved

ഒപ്പ്/-
**ഡോ.ബി.ഉണ്ണികൃഷ്ണൻ നായർ**
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. എല്ലാ മേഖല ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ എയ്ഡഡ്/ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽമാർക്കും.
3. കരുതൽ ഫയൽ/ നടപ്പ് ഫയൽ.